**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2856** **24-02-2026 - ൽ മറുപടിയ്ക്ക്**

**രാമപുരം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജക മണ്ഡലത്തിലെ പതിമൂന്ന് പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ രാമപുരം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ? | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ നിയോജക മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടിവെള്ളം എത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തു നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി. പാലാ നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ 5 പഞ്ചായത്തുകളിലായി 17705 വീടുകളും ഉൾപ്പെടെ ആകെ 42230 കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നല്കാൻ കഴിയും. 2023 ഒക്ടോബർ 21 ന് ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ച് മുട്ടം വില്ലേജിലെ വള്ളിപ്പാറക്ക് സമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച്ച് ഒരു ഘട്ടം കൂടി ബൂസ്റ്റ് ചെയ്തു കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച് ടി പഞ്ചായത്തിൽ ഉൾപ്പെടെ 13 പഞ്ചായത്തുകളിലേക്കു ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എല്ലാം തന്നെ ഒരേസമയം പ്രവർത്തികൾ ക്രമീകരിച്ച് പൂർത്തീകരിക്കുന്നതിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. പ്രതികൂല കാലാവസ്ഥ, ദുർഘടകരമായ ഭൂപ്രകൃതി, വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിലുണ്ടായ കാലതാമസം എന്നിവ പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. 2027 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പഞ്ചായത്ത് | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|
| 1 | പാക്കേജ് 1(പൊതു ഘടകങ്ങൾ)-ഫ്ലോട്ടിങ് പമ്പ് ഹൗസ്; 18 ലക്ഷം ശേഷിയുള്ള ടാങ്കും ബൂസ്റ്റിംഗ് സ്റ്റേഷനും വള്ളിപ്പാറയിൽ, റോ വാട്ടർ പമ്പിങ് മെയിൻ മുതലായവയുടെ പ്രവൃത്തി. | 13% പൂർത്തീകരിച്ചു. |
| 2 | പാക്കേജ് 2(പൊതു ഘടകങ്ങൾ)-45 എംഎൽഡി ജലശുദ്ധീകരണ ശാല, അനുബന്ധ ഘടകങ്ങൾ, 700 എംഎം ഗ്രാവിറ്റി മെയിൻ മുതലായവ ഉൾപ്പെടുന്ന പ്രവൃത്തി | 29% പൂർത്തീകരിച്ചു. |
| 3 | കടനാട് | 31% പൂർത്തീകരിച്ചു. |
| 4 | രാമപുരം | 25% പൂർത്തീകരിച്ചു. |
| 5 | ഭരണങ്ങാനം | 29% പൂർത്തീകരിച്ചു. |
| 6 | മേലുകാവ് | പ്രവൃത്തിയുടെ കരാർ ഒപ്പ് വച്ചു. |
| 7 | മൂന്നിലവ് | 4% പൂർത്തീകരിച്ചു. |
| 8 | തലനാട് | 8% പൂർത്തീകരിച്ചു. |
| 9 | മീനച്ചിൽ | പ്രവൃത്തിയുടെ കരാർ ഒപ്പ് വച്ചു. |
| 10 | തലപ്പലം | 33% പൂർത്തീകരിച്ചു. |
| 11 | പൂഞ്ഞാർ | 27% പൂർത്തീകരിച്ചു. |
| 12 | പൂഞ്ഞാർ- തെക്കേക്കര | 29% പൂർത്തീകരിച്ചു. |
| 13 | തീകോയി | 16% പൂർത്തീകരിച്ചു. |
| 14 | തിടനാട് | 28% പൂർത്തീകരിച്ചു. |
| 15 | കുട്ടിക്കൽ | 8% പൂർത്തീകരിച്ചു. |